"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - കൊല്ലം മീയന്നൂർ കൊട്ടറ ശങ്കരമംഗലം ഹൈ സ്കൂളിലെ എച്ച്.എസ്.എസ്.ടി(ജൂനിയർ) ഇംഗ്ലീഷ്, ശ്രീമതി.അശ്വതി പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23086/2021 ലെ 26.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2386/2022/GEDN തീയതി,തിരുവനന്തപുരം, 12-04-2022

പരാമർശം:-
1. ശ്രീമതി.അശ്വതി പി യുടെ 25.08.2021 ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി12)
2. ശ്രീമതി.അശ്വതി പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23086/2021 ലെ 26.10.2021 ലെ വിധിന്യായം
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.01.2022, 27.01.2022, 15.02.2022 തീയതികളിലെ ബി6/4690/2021 നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 09.02.2022 ലെ ഡി.ഡി.ഇ.കെ.എൽ.എം/14672/2021-ബി4 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08.02.2022 ലെ എസിഡിബി3/220950/എച്ച്.എസ്.ഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം മീയന്നൂർ കൊട്ടറ ശങ്കരമംഗലം ഹൈ സ്കൂളിലെ എച്ച് . എസ് . എസ് . ടി (ജൂനിയർ) ഇംഗ്ലീഷ് , ശ്രീമതി . അശ്വതി പി ബഹു . കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23086/2021 ലെ 26.10.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി 12 റിവിഷൻ ഹർജി ഹർജിക്കാരിയേയും 6 - ാം എതിർ കക്ഷിയേയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു . ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രഗിൾ മീറ്റ് വഴി 11.2.2022- ന് കേട്ടു . ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു .

"കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ കൊട്ടറ ശങ്കരമംഗലം ഹയർസെക്കണ്ടറി സ്കൂളിൽ 01/06/2016-ൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് ആയി സ്റ്റാഫ് ഫിക്സേഷനിൽ അനുവദിക്കപ്പെട്ട അഡീഷണൽ പോസ്റ്റിൽ അംഗീകൃത മാനേജർ എന്റെ യോഗ്യതയുടെയും എന്റെ പ്രായപരിധിയുടേയും അടിസ്ഥാനത്തിൽ നിയമനത്തിന് പൂർണ്ണ അർഹത ഉണ്ടായിരുന്നത് കൊണ്ട് നിയമിക്കുകയുണ്ടായി. എന്നാൽ മാനേജർ അധിക തസ്തികയിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചില്ല എന്ന കാരണം പറഞ്ഞ് ഡി.ഇ.ഒ അംഗീകാരം നിരസിക്കുകയുണ്ടായി. എന്നാൽ 1:1 വ്യവസ്ഥപ്രകാരം (12/01/2010-ലെ GO(P) 10/10/G.Edn) സംരക്ഷിതാധ്യാപകനെ നിയമിക്കണമെന്ന ഉത്തരവ് മാനേജർ ബഹു.സുപ്രീം

കോടതിയിൽ എസ്.എൽ.പി നം. 21623/2017 ഫയൽ ചെയ്യുകയും 08/08/2017-ൽ സ്റ്റേ ഉത്തരവ് നേടുകയും ഉണ്ടായി. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്റെ നിയമനം നിരസിച്ചത് കോടതിയലക്ഷ്യം ആകയാൽ മാനേജരും മറ്റും ചേർന്ന് സുപ്രീംകോടതിയിൽ കോതിയലക്ഷ്യ ഹർജി ഫയൽ ചെയ്യുകയും (CCC.478/2019 in SLP(C) No.21623/2017) 22/04/2019 ൽ കോടതി ഹർജി ഫയലിൽ സ്വീകരിക്കുകയും എതിർകക്ഷിയായ കേരള പൊതുവിദ്യാഭ്യാസ സെക്രട്ടറിയോട് കോടതി ഉത്തരവിടുമ്പോൾ മാത്രം ടിയാളുടെ സാന്നിധ്യം ബഹു. സുപ്രീംകോടതിയിൽ മതി എന്ന് ഉത്തരവിടുകയും ചെയ്തിരുന്നു.

മുകളിൽ പരാമർശിച്ച വസ്തുതകൾ നിലവിലിരിക്കെ സർക്കാർ ജി.ഒ.പി 04/2021-G.Edn dated 06/02/2021 എന്ന ഉത്തരവ് പുറപ്പെടുവിക്കുകയും സുപ്രീം കോടതി വിധിക്ക് വിധേയമായി 01/06/2016 മുതൽ 31/05/2020 വരെയുള്ള എല്ലാ നിയമനങ്ങളും മാനേജർമാർ നൽകുന്ന നിശ്ചിത സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ അംഗീകരിച്ച് നൽകാനും 06/02/2021 മുതൽ ഉള്ള ശമ്പളം ക്യാഷ് ആയി നൽകാനും ഉത്തരവിടുകയുണ്ടായി ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2016 മുതൽ 20/10/2019 വരെ എസ്.എം.എച്ച്.എസ്.എസിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി ജോലി ചെയ്ത എനിക്ക് അംഗീകാരം നൽകേണ്ടിയിരുന്നു. 21/10/2019 മുതൽ അതേ സ്കൂളിൽ തന്നെ എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എന്നെ മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനം ഹയർസെക്കന്ററി സ്കൂൾ വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരം അംഗീകരിച്ചു നൽകുകയും ഞാൻ ഇപ്പോഴും എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ അതേ സ്കൂളിൽ ജോലി ചെയ്ത് ശമ്പളം വാങ്ങിവരികയുമാണ്. ഞാൻ 21/10/2019 ൽ ഒഴിഞ്ഞ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തിക സ്കൂൾ മാനേജർ നികത്തുകയും എനിക്ക് പകരക്കാരിയായി വന്ന എച്ച്.എസ്.ടി ഇംഗ്ലീഷിന്റെ നിയമനം അംഗീകരിച്ച് ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സ്കൂൾ മാനേജർക്കും അറിവുള്ളതാണ്. എന്നിട്ടും 01/06/2016 മുതൽ 20/10/2019 വരെ എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി ജോലി ചെയ്ത എന്റെ നിയമനം അംഗീകരിക്കുന്നതിന് പകരം 06/06/2019 മുതൽ 05/02/2021 വരെ നോഷണൽ ആയും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യം നൽകിയും കൊട്ടാരക്കര വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് അബദ്ധജഡിലവും സാമാന്യബുദ്ധിക്ക് നിരക്കുന്നതുമല്ല. 21/10/2019 മുതൽ അതേ സ്കൂളിൽ അതേ മാനേജർ നൽകിയ എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് ജൂനിയർ നിയമനം ഉത്തരവ് പ്രകാരം തിരുവനന്തപുരം ആർ.ഡി.ഡി.എച്ച്.എസ്.ഇ അംഗീകരിച്ചിട്ടുള്ളതാണ്. അതിനു മുകളിലേക്ക് എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി കൊട്ടാരക്കര ഡി.ഇ.ഒ എനിക്കു നൽകിയ അംഗീകാരം പുന:പരിശോധിച്ച് 01/06/2016 മുതൽ 20/10/2019 വരെ ഞാൻ വഹിച്ച എച്ച്.എസ്.ടി തസ്തികയിൽ

നിയമനം അംഗീകരിച്ച് ശമ്പള കുടിശ്ശിക സഹിതം ഉത്തരവാകണമെന്നതാണ് എന്റെ ആവശ്യം. എന്റെ ആവശ്യത്തിന് ഉപോൽബലകമായ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ ഞാൻ താഴെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

കേരള എഡ്യൂക്കേഷൻ ആക്ട് 1958 സെക്ഷൻ 9(1) പ്രകാരം സെക്ഷൻ 11 ലെ അധികാരം ഉപയോഗിച്ച് എയ്ഡഡ് സ്കൂൾ മാനേജർ നടത്തുന്ന നിയമനം കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ അധ്യായം XIV A യിലെ റൂൾ 3, റൂൾ 6, റൂൾ 8 എന്നിവ അനുസരിച്ചാണ്. സെക്ഷൻ 9(1) പ്രകാരവും കെ.ഇ.ആർ അധ്യായം റൂൾ 1 പ്രകാരവും അംഗീകാരം ലഭിക്കുന്ന എയ്ഡഡ് സ്കൂൾ അധ്യാപകന് ശമ്പളം നൽകണം. അത് കേരള ഫിനാൻഷ്യൽ കോഡ് വോള്യം1 ആർ ട്ടിക്കിൾ 7576 പ്രകാരം, നിശ്ചയിച്ചിട്ടുള്ള സമയത്ത് നൽകണം കേരള വിദ്യാഭ്യാസ ആക്ടിലോ ചട്ടങ്ങളിലോ നോഷണൽ അപ്രൂവൽ എന്നൊന്നില്ല. ബഹു. സർക്കാർ തന്നെ സർക്കാരിന്റെ നം. N2/239/2019/G.Edn dated 15/12/2020 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 'വേലയ്ക്ക് കൂലി' ലോകത്തെമ്പാടും എല്ലാ ഭരണവ്യവസ്ഥയിലും അംഗീകരിക്കപ്പെട്ടിട്ടുള്ള Legal Dictum ആണ്. അത് നിഷേധിക്കാൻ ആർക്കും കഴിയില്ല. മാത്രവുമല്ല കേരള എഡ്യൂക്കേഷൻ ആക്ടിലോ കേരള എഡ്യൂക്കേഷൻ റൂളിലോ സ്ഥിരം, അധിക, താത്കാലിക എന്നൊന്നും പ്രതിപാദിക്കുന്നില്ല എന്നും അധിക തസ്തികകളെല്ലാം റഗുലർ ആണെന്നും ഗവൺമെന്റ് G.O(MS)/136/2021/G.Edn dated 31/03/2021 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വിവരിച്ചതിൽ നിന്നും നേരിൽക്കാഴ്ച്ച സമയത്ത് വിവരിക്കാനിരിക്കുന്നതുമായ കാര്യകാരണങ്ങൾ ഉൾക്കൊണ്ട കൊണ്ട് ബഹു.സർക്കാർ താഴെ പറയുന്ന എന്റെ അപേക്ഷകൾ അനുവദിച്ച് തരണമെന്ന് സവിനയം അപേക്ഷിക്കുന്നു.

1. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അവധാനതയില്ലാതെ പുറപ്പെടുവിച്ച B6/1251/2021 dated 31/03/2021 അബദ്ധജഡിലവും നിയമവിരുദ്ധവും ആയതിനാൽ റദ്ദാക്കണമെന്നും 01/06/2016 മുതൽ 20/10/2019 വരെ കൊട്ടറ എസ്.എം.എച്ച്.എസ്.സി ൽ ഇംഗ്ലീഷ് എച്ച്.എസ്.ടി അധ്യാപികയുടെ തസ്തികയിൽ പൂർണ്ണയോഗ്യതകളോടെ ജോലി ചെയ്ത എന്റെ നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

2. 01/06/2016 മുതൽ 20/10/2019 വരെയുള്ള എന്റെ നിയമനം അംഗീകരിച്ച് സർക്കാർ നിർദ്ദേശത്തിലെ തത്വത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി എസ്.എം.എച്ച്.എസ്.എസ് കൊട്ടറയിൽ ജോലി ചെയ്തകാലത്തെ പൂർണ്ണ ശമ്പളവും മറ്റ് ആനുകൂല്യവും ക്യാഷ് ആയി

അനുവദിക്കണമെന്ന് സർക്കാറിനോട് അപേക്ഷിക്കുന്നു.

3. എന്റെ നിയമനാംഗീകാരം 01/06/2016 മുതൽ എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി കൊട്ടറശങ്കരമംഗലം ഹയർസെക്കന്ററി സ്കൂളിൽ അംഗീകരിക്കാതെ കാലതാമസം വരുത്തിയ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ടവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു."

2) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള കൊട്ടറ എസ്.എം.എച്ച്.എസ്.എസ്-ൽ 2016-17-ലെ ഇംഗ്ലീഷ് അധിക തസ്തികയിൽ 18/06/2016 മുതൽ മാനേജർ ശ്രീമതി. അശ്വതി.പി-യെ നിയമിച്ചെങ്കിലും ടി നിയമനത്തിന് ഈ കാര്യാലയത്തിൽ നിന്ന് അംഗീകാരം നൽകിയിട്ടില്ല. 2016-17- ലെ അധിക തസ്തിക 2017-18-ലും നിലനിന്നതിനാൽ 17/07/2017 മുതൽ ശ്രീമതി. അശ്വതി.പി-യെ മാനേജർ പുന:നിയമിച്ചു. എന്നാൽ സ.ഉ(സാധാ) 199/16/പൊ.വി.വ ഉത്തരവ് പ്രകാരം 1 : 1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതിനാൽ ടി നിയമനവും ഈ കാര്യാലയത്തിൽ നിന്ന് നിരസിച്ചിട്ടുള്ളതാണ്. 2017-18-ലെ നിയമനങ്ങളെല്ലാം 2018-19 അദ്ധ്യയന വർഷം 01/06/2018-ൽ പുന:സമർപ്പിക്കുകയും നേരത്തെ ടി നിയമനങ്ങളെല്ലാം നിരസിച്ച സാഹചര്യം നിലനിൽക്കുന്നതിനാൽ ടി നിയമനങ്ങൾ നിരസിച്ചു നൽകുകയുണ്ടായി. 06/02/2021-ലെ സർക്കാർ ഉത്തരവ് 4/21/പൊ.വി.വ പ്രകാരം മാനേജർ സമ്മതപത്രം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷം ഉണ്ടായ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) അധിക തസ്തികയിൽ 06/06/19 മുതലുള്ള ശ്രീമതി. അശ്വതി.പി-യുടെ നിയമനം ഈ കാര്യാലയത്തിലെ 31/03/2021-ലെ ബി6/21251/2021 പ്രകാരം 06/06/2019 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യവും നൽകി അംഗീകരിച്ചിട്ടുള്ളതാണ്. സമന്വയ പോർട്ടൽ വഴി 17/03/2021-ൽ മാനേജർ സമർപ്പിച്ച നിയമനാംഗീകാര പ്രൊപ്പോസലിൽ continuing എന്നാണ് കാണിച്ചിരിക്കുന്നത്. മാത്രവുമല്ല ടിയാരിക്ക് 21/10/19-ൽ എച്ച്.എസ്.എസ്.റ്റി ആയി സ്ഥാനക്കയറ്റം ലഭിച്ച വിവരം മാനേജർ ഈ കാര്യാലയത്തെ അറിയിക്കുന്നത് ടിയാരിയുടെ ഒഴിവിൽ പുതിയ നിയമനാർത്ഥിയെ നിയമിച്ചുകൊണ്ട് 11/08/2021-ൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോഴാണ്. അതിനാലാണ് എച്ച്.എസ്.എസ്.റ്റി ആയി സ്ഥാനക്കയറ്റം ലഭിച്ച കാലയളവ് ഒഴിവാക്കി നിയമനം അംഗീകരിക്കാൻ കഴിയാതെ പോയത്.

06/02/2021-ലെ 4/21/പൊ.വി.വ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലാണ് ടി ഉത്തരവിൽ

നിർദ്ദേശിച്ച പ്രകാരം ശ്രീമതി. അശ്വതി.പി-യുടെ നിയമനം 06/06/2019 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തികാനുകൂല്യത്തോടെയും അംഗീകരിച്ച് നൽകിയതെന്ന വിവരം കൂടി അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു."

3) വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"06/02/2021-ലെ സർക്കാർ ഉത്തരവ് 04/21/പൊ.വി.വ പ്രകാരമുള്ള സമ്മതപത്രം ഉൾപ്പെടുത്തി മാനേജർ പുനസമർപ്പിച്ച നിയമന ഉത്തരവിൽ ടിയാരിയുടെ നിയമനം 06/06/2019 മുതൽ എന്നാണ് രേഖപ്പെടുത്തി നൽകിയിരുന്നതെന്നാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലഭ്യമാക്കിയ ടിയാരിയുടെ നിയമന ഉത്തരവിൽ നിന്നും ബോധ്യപ്പെടുന്നത്. 2016-2017 മുതൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ വ്യവസ്ഥാപിതമായ ഒഴിവ് നിലവിലുണ്ടെങ്കിൽ, മാനേജർ നിയമന ഉത്തരവ് ലഭ്യമാക്കുന്ന മുറക്ക് 06/02/2021-ലെ സർക്കാർ ഉത്തരവ് 4/21/പൊ.വി.വ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ടി.യാരിയുടെ നിയമനം 15/07/2016 മുതൽ നോഷനലായി അംഗീകാരത്തിനായി പരിഗണിക്കാൻ കഴിയുന്നതാണ് എന്ന വിവരം ഇത്തരുണത്തിൽ അറിയിക്കുന്നു."

4) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. മുകളിൽ പരാമർശിച്ച വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ കണക്കിലെടുത്ത് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് എക്സിബിറ്റ് പി. 12 തീർപ്പാക്കി അപ്രകാരം കൊല്ലം മീയന്നൂർ കൊട്ടറ ശങ്കരമംഗലം ഹൈ സ്കൂളിലെ എച്ച്.എസ്.എസ്.ടി(ജൂനിയർ) ഇംഗ്ലീഷ്, ശ്രീമതി.അശ്വതി പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23086/2021 ലെ 26.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

ഒന്ന്) ഒരിക്കൽ നൽകപ്പെട്ട നിയമനം/ നിയമന ഉത്തരവ് മാനേജറുടെ മാറ്റം മൂലം ദോഷകരമായി ബാധിക്കപ്പെടരുതെന്ന് കെ.ഇ. ആർ അദ്ധ്യായം 14എ ചട്ടം 9(1) വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഹർജിക്കാരിയ്ക്ക് നിയമനം നൽകിയ മാനേജർ മാറിയിട്ടുണ്ടെങ്കിലും പുതിയ മാനേജർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത നിയമനം/ നിയമന ഉത്തരവ് ദോഷകരമായി ബാധിക്കപ്പെടരുത്. അതുകൊണ്ട്, ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ചയ്ക്കുള്ളിൽ ഇപ്പോഴത്തെ മാനേജർ ഹർജിക്കാരിയുടെ 15/07/2016 മുതൽ ഉള്ള നിയമന അംഗീകാര പ്രൊപ്പോസൽ സമന്വയയിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

രണ്ട്) ഇപ്പറഞ്ഞ സമയപരിധിയ്ക്കുള്ളിൽ മാനേജർനിയമന അംഗീകാര പ്രൊപ്പോസൽ

സമന്വയയിൽ അപ് ലോഡ് ചെയ്തിട്ടില്ലെങ്കിൽ കേരള വിദ്യാഭ്യാസ ആക്ട് സെക്ഷൻ 11, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 3 ചട്ടം 9(1) എന്നിവയുടെ ലംഘനം അടിസ്ഥാനമാക്കി മാനേജർക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.ഇ.ആർ അദ്ധ്യായം 3 ചട്ടം. 7 പ്രകാരം നടപടിയെടുത്ത് വിവരം സർക്കാരിനെ രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. അതോടൊപ്പം, ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായ മുൻ പ്രൊപ്പോസലിന്റെ പകർപ്പ് പരിഗണിച്ചുകൊണ്ട് ഹർ ജിക്കാരിയുടെ 15/07/2016 മുതൽ ഉള്ള നിയമനം 06/02/2021-ലെ സർക്കാർ ഉത്തരവ് 4/21/പൊ.വി.വ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ മാന്വലായി പ്രോസസ് ചെയ്ത് മറ്റ വിധത്തിൽ ക്രമപ്രകാരമെങ്കിൽ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കേണ്ടതാണ്.

മൂന്ന്) ഹർജിക്കാരിയുടെ നിയമനാംഗീകാര വിഷയത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ അനവധാനതയും നിരുത്തരവാദപരമായ സമീപനവും റിപ്പോർട്ടുകളിലും ഹിയറിങ് സമയത്തെ വാദങ്ങളിലുംശക്തമായ ആരോപണങ്ങൾക്കു വിധേയമായിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പ്രവർത്തനങ്ങൾ കൂടി ഫോളോ - അപ് ചെയ്യ വേണം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, ശങ്കരമംഗലം ഹൈ സ്കൂൾ, മീയന്നൂർ പി.ഒ., കൊട്ടറ, കൊല്ലം

ശ്രീമതി.അശ്വതി പി, എച്ച്.എസ്.എസ്.ടി(ജൂനിയർ) ഇംഗ്ലീഷ്, ശങ്കരമംഗലം ഹൈ സ്കൂൾ, മീയന്നൂർ പി.ഒ., കൊട്ടറ, കൊല്ലം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 18-04-2022 10:36:36
സെക്ഷൻ ഓഫീസർ